# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE: 26.02.2025** | പ്രധാന വാർത്തകൾ | **TIME : 07.25 AM**

1. **അസം അതിർത്തികളില്ലാത്ത അവസരങ്ങളുടെ കേന്ദ്രവും, ദക്ഷിണേഷ്യൻ രാജ്യങ്ങളിലേക്കുള്ള ഇന്ത്യയുടെ കവാടവുമാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.**

   **Assam is a hub of opportunities without limitations and India's gateway to South Asian countries, says PM Narendra Modi.**

2. **പത്താം ക്ലാസിലേക്ക് രണ്ട് ബോർഡ് പരീക്ഷകൾ നടത്തുന്നതിനുള്ള കരട് നയത്തിൽ പ്രതികരണം തേടി CBSE.**

   **CBSE seeks feedback on draft policy to conduct two board exams for Class 10.**

3. **പ്രയാഗ് രാജിലെ ത്രിവേണി സംഗമത്തിൽ ഒരു മാസം നീണ്ട മഹാകുംഭമേളയ്ക്ക് ഇന്ന് സമാപനം; പുണ്യസ്നാനം നടത്തിയത് 64 കോടിയിലേറെപ്പേർ.**

   **Month-long Mahakumbh Mela concludes today at Triveni Sangam in Prayagraj, over 64 crore people took punya snan.**

4. **ഇന്ന് മഹാശിവരാത്രി. രാജ്യമെമ്പാടുമുള്ള ശിവക്ഷേത്രങ്ങളിൽ ശിവരാത്രി പൂജകൾക്ക് തുടക്കമായി. കേരളത്തിലെ ശിവക്ഷേത്രങ്ങളിൽ ഭക്തജനത്തിരക്ക്.**

   **Today is Mahashivratri. Shivaratri poojas have begun in Shiva temples across the country. Devotees throng Shiva temples in Kerala.**

5. **രഞ്ജി ട്രോഫി ക്രിക്കറ്റിൽ കന്നിക്കിരീടം ലക്ഷ്യമിട്ട് കേരളം ഇന്നിറങ്ങും. ഫൈനൽ പോരാട്ടം വിദർഭയ്ക്കെതിരെ.**

   **Kerala aims Ranji Trophy cricket maiden title. Final match against Vidarbha begins today.**

==========================================

## PRESIDENT - MP VISIT

മധ്യപ്രദേശിലെ ബാഗേശ്വർ ധാമിൽ നടക്കുന്ന സമൂഹ വിവാഹത്തിൽ രാഷ്ട്രപതി ദ്രൗപദി മുർമു സംബന്ധിക്കും. ഗവർണർ മങ്കുഭായി പട്ടേൽ, മുഖ്യമന്ത്രി മോഹൻ യാദവ്, ക്രിക്കറ്റ് താരങ്ങൾ അടക്കമുള്ള അതിഥികളും ചടങ്ങിൽ പങ്കെടുക്കുന്നുണ്ട്. ഇന്ന് വിവാഹിതരാകുന്ന 251 പെൺകുട്ടികളിൽ 225 പേരോളം ഗോത്രവർഗ-ദളിത്-പിന്നാക്ക വിഭാഗങ്ങളിൽ പെട്ടവരാണ്. നവ ദമ്പതികൾക്ക് രാഷ്ട്രപതി ആശംസകളും അർപ്പിക്കും.

*******************************

**HEADLINE-1**

## PM-ASSAM

അസം അതിർത്തികളില്ലാത്ത അവസരങ്ങളുടെ കേന്ദ്രവും, ദക്ഷിണേഷ്യൻ രാജ്യങ്ങളിലേക്കുള്ള ഇന്ത്യയുടെ കവാടവുമാണ് എന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. കിഴക്കൻ ഇന്ത്യയുടെ ഉത്പാദന ഹബ്ബായി മാറാനിടയുള്ള അസമിന്റെ സാദ്ധ്യതകൾ രാജ്യത്തെ വ്യവസാ സംരംഭകർ ഉപയോഗപ്പെടുത്തണമെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു. ഗുവാഹത്തിയിൽ Advantage Assam 2.0 നിക്ഷേപക-അടിസ്ഥാനസൗകര്യ ഉച്ചകോടിയിൽ പങ്കെടുക്കുകയായിരുന്നു അദ്ദേഹം. പരിപാടിയിൽ പങ്കെടുത്ത കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ്, മേഖലയുടെ വികസനത്തിനായി സർക്കാർ നിരന്തരം പരിശ്രമിച്ചു വരികെയാന്നെന്നു വ്യക്തമാക്കി. ഗുവാഹത്തിയിലെ റെയിൽവേ ഭൂമിയിൽ ഒരു നൂതന ഐടി ഹബ് സ്ഥാപിക്കുമെന്നും അദ്ദേഹം പ്രഖ്യാപിച്ചു.

*******************************

**HEADLINE-4**

## MAHASIVARATHRI

ഇന്ന് മഹാശിവരാത്രി. രാജ്യമെമ്പാടുമുള്ള ശിവക്ഷേത്രങ്ങളിൽ ശിവരാത്രി പൂജകൾക്ക് തുടക്കമായി. ഉത്തർപ്രദേശിൽ, വാരാണസിയിലെ കാശി വിശ്വനാഥ ധാം ഉൾപ്പെടെയുള്ള

ശിവക്ഷേത്രങ്ങളിൽ രാവിലെ മുതൽ തന്നെ ഭക്തർ എത്തിച്ചേരുന്നുണ്ട്. മഹാശിവരാത്രിക്ക് കാശിയിൽ പ്രത്യേക ഒരുക്കങ്ങളാണ് നടത്തിയിട്ടുള്ളത്. ഗുജറാത്തിൽ സോമനാഥ് മഹാദേവ ക്ഷേത്രം, ദ്വാരകയിലെ നാഗേശ്വര ക്ഷേത്രം എന്നിവിടങ്ങളിൽ ധാരാളം ഭക്തർ ദർശനം നടത്തുന്നുണ്ട്.
*******************************

**HEADLINE-4a**

**SIVARATHRI - KERALA**

ശിവരാത്രിയോടനുബന്ധിച്ച്, കേരളത്തിലെ ശിവക്ഷേത്രങ്ങളിലും, വലിയ തിരക്ക് അനുഭവപ്പെടുന്നുണ്ട്. കണ്ണൂർ ജില്ലയിലെ തളിപറമ്പ് രാജരാജേശ്വര ക്ഷേത്രത്തിൽ പുലർച്ചെ തന്നെ ഭക്തരുടെ നീണ്ട നിര ദൃശ്യമാണ്. കന്യാകുമാരി ജില്ലയിലെ 12 ശിവക്ഷേത്രങ്ങളിൽ നടക്കുന്ന ശിവാലയ ഓട്ടം ഇന്നലെ ആരംഭിച്ചു. ആലുവ മണപ്പുറമുൾപ്പെടെയുള്ള കേന്ദ്രങ്ങൾ ശിവരാത്രി വാവുബലി തർപ്പണത്തിന് സജ്ജമായി. ഇതോടനുബന്ധിച്ച് കൊച്ചി മെട്രോ സർവീസ് സമയം ദീർഘിപ്പിച്ചിട്ടുണ്ട്.
*******************************

**HEADLINE-3**

**REV. MAHA KUMBH**

മഹാ കുംഭ മേള 2025 നു ഇന്ന് പ്രയാഗ്‌രാജിൽ സമാപനം. മഹാശിവരാത്രി ദിനത്തിൽ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള ഭക്തർ സ്നാനനത്തിനായി എത്തിയിട്ടുണ്ട്. കഴിഞ്ഞ മാസം 13 നു ആരംഭിച്ച മഹാ കുംഭമേളയിൽ 64 കോടിയിലേറെപ്പേരാണ് പങ്കെടുത്തത്. ഇന്നലെ മാത്രം 1.24 കോടി പേർ ത്രിവേണി സംഗമത്തിൽ സ്നാനം നിർവഹിച്ചു. ചടങ്ങുകളുടെ അവസാന ദിനമായ ഇന്ന് കർശന സുരക്ഷയാണ് അധികൃതർ ഒരുക്കിയിരിക്കുന്നത്. മേള നടക്കുന്ന ഇടങ്ങളിൽ വാഹനങ്ങൾക്ക് പ്രവേശനം അനുവദിക്കില്ല.
*******************************

## VAISHNAW- RAILWAY STATION (INTRO)

റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ്, ന്യൂ ഡൽഹി റെയിവേ സ്റ്റേഷനിലെത്തി പരിശോധന നടത്തി. മഹാശിവരാത്രി കണക്കിലെടുത്ത് സ്റ്റേഷനിൽ പ്രത്യേക സജ്ജീകരണങ്ങൾ നടത്തിയിട്ടുണ്ടെന്ന് അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു. യാത്രക്കാർക്ക് ടിക്കറ്റുകൾ വാങ്ങാൻ സ്റ്റേഷന് പുറത്തു പ്രത്യേക ഇടം ഒരുക്കിയിട്ടുണ്ട്. ആവശ്യങ്ങൾ കണക്കിലെടുത്ത് പ്രത്യേക ട്രെയിൻ സർവീസുകൾ നടത്തുണ്ടെന്നും മന്ത്രി അറിയിച്ചു.

(ഹോൾഡ് വോയിസ്)

*****************************

## RAILWAY - MAHASHIVRATRI

മഹാകുംഭ മേള ഭക്തർക്കായി ഇന്ന് ഉത്തർപ്രദേശിലെ പ്രയാഗ്‌രാജിൽ നിന്ന് റെയിൽവേ 350 ലധികം ട്രെയിനുകൾ സർവീസ് നടത്തും. മഹാശിവരാത്രി സ്നാനത്തിന് ശേഷം അധിക ട്രെയിനുകൾ സർവീസ് നടത്താൻ പ്രത്യേക ക്രമീകരണങ്ങൾ ഏർപ്പെടുത്തിയതായി റെയിൽവേ മന്ത്രാലയം അറിയിച്ചു. ഉത്തർപ്രദേശ്, ബീഹാർ, മധ്യപ്രദേശ്, ഝാർഖണ്ഡ്, ബംഗാൾ തുടങ്ങി വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള ധാരാളം തീർത്ഥാടകർ പുണ്യസ്നാനത്തിനായി എത്തിയിട്ടുണ്ട്. വിവിധ സ്റ്റേഷനുകളിൽ മെഡിക്കൽ സേവനങ്ങളും ലഭ്യമാണെന്ന് മന്ത്രാലയം അറിയിച്ചു.

*****************************

## AMIT SHAH - TN VISIT

ആഭ്യന്തര മന്ത്രി അമിത് ഷാ ഇന്നലെ രാത്രി കോയമ്പത്തൂരിലെത്തി. കേന്ദ്ര സഹമന്ത്രി L മുരുഗൻ അടക്കമുള്ള ബിജെപി നേതാക്കൾ അദ്ദേഹത്തെ സ്വീകരിച്ചു. കോയമ്പത്തൂരിലെ പാർട്ടി കാര്യാലയം ഉദ്ഘാടനം ചെയ്യുന്ന

അദ്ദേഹം, ISHA സെന്ററിൽ നടക്കുന്ന ശിവരാത്രി ആഘോഷങ്ങളിലും ഇന്ന് പങ്കെടുക്കും.
******************************

**HEADLINE-2**

## CBSE-BOARD EXAM

അടുത്ത അധ്യയന വർഷം മുതൽ പത്താം ക്ലാസിലേക്ക് രണ്ട് ബോർഡ് പരീക്ഷകൾ നടത്തുന്നതിനുള്ള കരട് നയത്തെക്കുറിച്ച് CBSE പ്രതികരണം തേടി. കരട് നയത്തിൽ, പത്താം ക്ലാസിലെ ബോർഡ് പരീക്ഷകൾ ആദ്യ ഘട്ടം ഫെബ്രുവരി മുതൽ മാർച്ച് വരെയും രണ്ടാം ഘട്ടം മെയ് മാസത്തിലും നടത്താനും സിബിഎസ്ഇ നിർദ്ദേശിച്ചു. അടുത്ത മാസം 9 ന് മുമ്പ് പ്രതികരണം സമർപ്പിക്കണം. ആദ്യഘട്ടത്തിലെ ഫലം മെച്ചപ്പെടുത്താൻ ആഗ്രഹിക്കുന്നവർ രണ്ടാം ഘട്ടം എഴുതിയാൽ മതിയാവും. ദേശീയ വിദ്യാഭ്യാസ നയം 2020 ലെ രണ്ട് ശുപാർശകളെ തുടർന്നാണ് കരട് നയം വികസിപ്പിച്ചതെന്ന് സിബിഎസ്ഇ കൂട്ടിച്ചേർത്തു.
******************************

## KAPPAD BEACH-BLUE FLAG

കേരളത്തിലെ പ്രധാന വിനോദസഞ്ചാര കേന്ദ്രമായ കോഴിക്കോട് ജില്ലയിലെ കാപ്പാട് ബീച്ചിനു വീണ്ടും ബ്ലൂ ഫ്ലാഗ് പദവി. തുടർച്ചയായി അഞ്ചാം തവണയാണ് കാപ്പാട് ബീച്ചിന് ബ്ലൂ ഫ്ലാഗ് ലഭിക്കുന്നത്. ഫൗണ്ടേഷൻ ഫോർ എൻവയോൺമെന്റൽ എജുക്കേഷനാണ് ബീച്ചുകൾക്ക് ബ്ലൂ ഫ്ലാഗ് പദവി നൽകുന്നത്. ശുദ്ധമായ ജലം, പരിസര ശുചിത്വം, സുരക്ഷ, പരിസ്ഥിതി പഠനങ്ങൾ തുടങ്ങിയ 33 ഓളം ശുചിത്വ പരിചരണ മാനദണ്ഡങ്ങൾ പരിഗണിച്ചാണ് ബ്ലൂ ഫ്ലാഗ് പദവി നൽകുന്നത്.
******************************

## COASTAL-HARTAL

കേരള സ്റ്റേറ്റ് ഫിഷറീസ് കോർഡിനേഷൻ കമ്മിറ്റി ആഹ്വാനം ചെയ്ത തീരദേശ ഹർത്താൽ ഇന്ന്. അർധരാത്രി മുതൽ നാളെ രാത്രി 12 വരെയാണ് ഹർത്താൽ. ഈ ദിവസം സംസ്ഥാന വ്യാപകമായി മത്സ്യത്തൊഴിലാളികൾ കടലിൽ പോകില്ലെന്ന് സമരസമിതി അറിയിച്ചു.
*******************************

## TEMPERATURE

കേരളത്തിൽ ചിലയിടങ്ങളിൽ ഇന്ന് 4°C വരെ താപനില ഉയരാൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കാസർഗോഡ്, കണ്ണൂർ ജില്ലകളിൽ ഉഷ്ണതരംഗത്തിനും സാധ്യതയുള്ളതിനാൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. ജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് മുന്നറിയിപ്പുണ്ട്.
*******************************

**HEADLINE-5**

## RENJI TROPHY (INTRO)

രഞ്ജി ട്രോഫി ക്രിക്കറ്റിൽ കന്നി കിരീടം ലക്ഷ്യമിട്ട് കേരളം ഇന്നിറങ്ങും. ഫൈനലിൽ വിദർഭയെയാണ് നേരിടുക. നാഗ്പൂരിലെ വിദർഭാ ക്രിക്കറ്റ് അസോസിയേഷൻ സ്റ്റേഡിയത്തിൽ രാവിലെ 09.30 ന് മത്സരം ആരംഭിക്കും.

**വിശദാംശങ്ങളുമായി ആകാശവാണി പ്രതിനിധി സുരേഷ് ബാബു....**

(വോയിസ്)

*******************************

## CRICKET- ICC CHAMPIONS TROPHY

പാകിസ്ഥാനിൽ നടക്കുന്ന ഐ.സി.സി പുരുഷ ചാമ്പ്യൻസ് ട്രോഫി ക്രിക്കറ്റ് ഗ്രൂപ്പ് ബിയിൽ, ഇന്ന് ഇംഗ്ലണ്ട് - അഫ്ഗാനിസ്ഥാൻ പോരാട്ടം. ലാഹോറിലെ ഗദ്ദാഫി സ്റ്റേഡിയത്തിൽ ഉച്ചയ്ക്ക് 2:30 നാണ് മത്സരം. ആദ്യ മത്സരങ്ങളിൽ തോറ്റ ഇംഗ്ലണ്ടും അഫ്ഗാനിസ്ഥാനും ഗ്രൂപ്പ്

ബിയിൽ അവസാന സ്ഥാനത്താണ്. തോൽക്കുന്ന ടീം ടൂർണമെന്റിൽ നിന്ന് പുറത്താകും. അതിനിടെ ഇന്നലത്തെ ദക്ഷിണാഫ്രിക്ക - ഓസ്ട്രേലിയ മത്സരം തുടർച്ചയായ മഴ കാരണം ഉപേക്ഷിച്ചു. ഇരു ടീമുകൾക്കും ഓരോ പോയിന്റ് വീതം ലഭിച്ചു.

*******************************

## I-LEAGUE FOOTBALL

ഐ ലീഗ് ഫുട്ബോളിൽ തുടർജയവുമായി ഗോകുലം കേരള. ഇന്നലെ നടന്ന മത്സരത്തിൽ ഒന്നിനെതിരെ രണ്ട് ഗോളുകൾക്ക് ഐസ്വാൾ എഫ്.സിയെയാണ് ഗോകുലം കേരള തോൽപ്പിച്ചത്. 16 മത്സരത്തിൽനിന്ന് 25 പോയിന്റുള്ള ഗോകുലം പട്ടികയിൽ നാലാം സ്ഥാനത്തെത്തി.

*******************************

## HM- SEED REVIEW MEETING

രാജ്യത്തെ പഴങ്ങൾ, പച്ചക്കറികൾ, ഭക്ഷ്യധാന്യങ്ങൾ എന്നിവയുടെ എല്ലാ പരമ്പരാഗത വിത്തുകളുടെയും സമഗ്രമായ ഡാറ്റാബേസ് തയ്യാറാക്കി അവയുടെ സംരക്ഷണത്തിനും പ്രോത്സാഹനത്തിനുമായി സമഗ്രകർമ്മ പദ്ധതി നടപ്പാക്കുമെന്ന് കേന്ദ്രമന്ത്രി അമിത് ഷാ. പരമ്പരാഗത വിത്തിനങ്ങൾ സംബന്ധിച്ച് ന്യൂഡൽഹിയിൽ ചേർന്ന അവലോകന യോഗത്തിൽ പങ്കെടുക്കുകയായിരുന്നു അദ്ദേഹം. പരമ്പരാഗത വിത്തുകൾ സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ഭാരതീയ ബീജ് സഹകാരി സമിതി ലിമിറ്റഡിന്റെ തുടർച്ചയായ ശ്രമങ്ങളെ അദ്ദേഹം അഭിനന്ദിച്ചു.

*******************************

## KISANCREDIT CARD

കിസാൻ ക്രെഡിറ്റ് കാർഡിന് കീഴിൽ ആകെ പത്ത് ലക്ഷം കോടിയിലധികം രൂപയുടെ വായ്പകൾ നൽകിയതായി കേന്ദ്ര ധനമന്ത്രാലയം. ഇത് ഏഴ് കോടി 72 ലക്ഷം കർഷകർക്ക് പ്രയോജനം ചെയ്യുന്നു. വിത്തുകൾ, വളങ്ങൾ, കീടനാശിനികൾ

തുടങ്ങിയ കാർഷിക സാമഗ്രികൾ വാങ്ങുന്നതിന് കർഷകരെ സഹായിക്കുന്ന ഒരു ബാങ്കിംഗ് ഉൽപ്പന്നമാണ് കിസാൻ ക്രെഡിറ്റ് കാർഡ്. കെസിസി വഴി പ്രതിവർഷം 7 ശതമാനം പലിശ നിരക്കിൽ മൂന്ന് ലക്ഷം വരെ ഹ്രസ്വകാല കാർഷിക വായ്പകൾ നൽകുന്നു. വായ്പകൾ സമയബന്ധിതമായി തിരിച്ചടയ്ക്കുന്ന കർഷകർക്ക് 3 ശതമാനം ഇളവ് ലഭിക്കും.

*

******************

********************************************